LIBRARY ARCHIVES Kerala Legislative Assembly

മത്സ്യത്തൊഴിലാളികൾക്കനുവദിച്ചിരുന്ന മണ്ണെണ്ണ കോട്ട പുനഃസ്ഥാപിക്കുന്നതിന് നടപടി

193 (1663) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികൾക്കനുവദിച്ചിരുന്ന മണ്ണെണ്ണയുടെ കോട്ട വെട്ടികുറച്ചതുമൂലം അവർ അനുഭവിക്കുന്ന കടുത്ത പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) തീരപ്രദേശങ്ങളിൽ സമ്പൂർണ്ണവൈദ്യുതീകരണപദ്ധതി നടപ്പാക്കിയതാണോ കോട്ട വെട്ടിക്കുറയ്ക്കാൻ കാരണമായതെന്ന് വ്യക്തമാക്കുമോ ;

(സി) ഇക്കാര്യം കേന്ദ്രസർക്കാരുമായി ചർച്ച ചെയ്യുകയുണ്ടായോ ;

(ഡി) എങ്കിൽ ചർച്ചയുടെ അടിസ്ഥാനത്തിൽ ഉണ്ടായ തീരുമാനങ്ങൾ എന്തൊക്കെയാണ് ;

(ഇ) കോട്ട പുനഃസ്ഥാപിക്കുന്നതിനു പുറമേ എന്തെങ്കിലും പുതിയ ആവശ്യങ്ങൾ ചർച്ചയിൽ കേന്ദ്രത്തിന് മുമ്പിൽ സമർപ്പിക്കുകയുണ്ടായോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തിനുള്ള മണ്ണെണ്ണ വിഹിതം വെട്ടിക്കുറച്ചതിനെ തുടർന്നുണ്ടായ സാഹചര്യങ്ങളാണ് മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണ വിഹിതവും കുറയ്ക്കാനിടയാക്കിയത്. എന്നാൽ മത്സ്യത്തൊഴിലാളികൾക്ക് നൽകിവന്നിരുന്ന മണ്ണെണ്ണ വിഹിതം സംസ്ഥാന സർക്കാർ പുനഃസ്ഥാപിച്ചിട്ടുണ്ട്. സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുമായി മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണ വിതരണത്തിന് യാതൊരു ബന്ധവുമില്ല.

(സി-ഇ) മത്സ്യത്തൊഴിലാളികൾക്കായി പ്രത്യേക മണ്ണെണ്ണ കോട്ട അനുവദിക്കണമെന്ന് കേന്ദ്രത്തോട് സംസ്ഥാനം നിരന്തരമായി ആവശ്യപ്പെട്ടു വരുന്നതാണ്. എന്നാൽ അനുകൂല തീരുമാനം ഉണ്ടായിട്ടില്ല. സംസ്ഥാന റേഷൻ വിഹിതത്തിൽ നിന്നും മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ നൽകാൻ പാടില്ല എന്നതാണ് കേന്ദ്ര നിലപാട്. ഇപ്പോൾ അനുഭവപ്പെടുന്ന ബുദ്ധിമുട്ട് പരിഗണിച്ച് മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡി നിരക്കിലുള്ള മണ്ണെണ്ണ അധികമായി ലഭ്യമാക്കുന്ന കാര്യം സർക്കാർ സജീവമായി പരിശോധിച്ചുവരുന്നു.

മത്സ്യത്തൊഴിലാളികൾക്ക് വീട് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

160 (1630) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികൾക്ക് വീട് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കുമോ ;

(ബി) സീനിയോറിറ്റി ലിസ്റ്റിൽ പേര് ഉൾപ്പെട്ട എല്ലാവർക്കും ആനുകൂല്യം നൽകുവാൻ കഴിയുമോ ; ഇപ്രാവശ്യം കിട്ടാത്തവരെ അടുത്ത വർഷം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

നിലവിലുള്ള മാനദണ്ഡങ്ങൾ താഴെ പറയുന്നവയാണ്.

(എ) 1. അപേക്ഷകൻ യഥാർത്ഥ മത്സ്യത്തൊഴിലാളി ആയിരിക്കണം.

2. അപേക്ഷകൻ സ്വന്തമായി വീടുള്ള ആളായിരിക്കരുത്.

3. സ്വന്തമായി ഭൂമി ഉണ്ടായിരിക്കണം.

4. അപേക്ഷകൻ ദാരിദ്രരേഖയ്ക്ക് താഴെയുള്ള ആളായിരിക്കണം.

5. ലഭിക്കുന്ന സാമ്പത്തിക സഹായം വിനിയോഗിച്ച് 35 സ്വയർ മീറ്ററിൽ കുറയാത്ത ഭവനം നിർമ്മിക്കേണ്ടതാണ്. വീടു നിർമ്മാണത്തിന്റെ വിവിധ സ്റ്റേജുകൾ മത്സ്യഭവൻ ഓഫീസർമാർ പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതാണ്.

6. ജാതി, വരുമാനം, ഭൂമി കൈവശാവകാശം എന്നിവ തെളിയിക്കുന്നതിന് റവന്യൂ വില്ലേജ് ആഫീസറുടെ സർട്ടിഫിക്കറ്റിനും തൊഴിൽ തെളിയിക്കുന്നതിന് ഫിഷറീസ് ഉദ്യോഗസ്ഥനിൽനിന്നുള്ള സർട്ടിഫിക്കറ്റും ഹാജരാക്കണം.

7. മറ്റു തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ അപേക്ഷ പരിഗണിക്കുന്നതല്ല.

8. താമസിച്ചു കിട്ടുന്നതിനും പൂർണ്ണമായും പൂരിപ്പിച്ചു ഒപ്പിടാത്തതും ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകൾ ഹാജരാക്കാത്തതുമായ അപേക്ഷകൾ പരിഗണിക്കുന്നതല്ല.

9. സാമ്പത്തിക സഹായത്തിന്റെ ഒന്നാം ഗഡു ലഭിച്ച തീയതി മുതൽ 6 മാസത്തിനകം നിർമ്മാണം പൂർത്തിയാക്കേണ്ടതാണ്.

10. പ്രകൃതി ക്ഷോഭത്തിൽ വീടു നഷ്ടപ്പെട്ടവർ അതിന് തെളിവ് ഹാജരാക്കണം.

11. അപേക്ഷകന്റെ പ്രായം 18 വയസിൽ കുറയാനോ 60 വയസിൽ കൂടുവാനോ പാടുള്ളതല്ല. കുടുംബമായി താമസിക്കുന്ന ആളായിരിക്കണം. ബോർഡിൽ വിഹിതം പൂർണ്ണമായും അടച്ചു തീർക്കണം.

13. സാമ്പത്തിക സഹായം സ്റ്റേജ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ രണ്ടു ഗഡുക്കളായി മാത്രമേ അപേക്ഷകന് നൽകുകയുള്ളൂ. സ്റ്റേജ് സർട്ടിഫിക്കറ്റ് ഫിഷറീസ് ഉദ്യോഗസ്ഥൻ സമർപ്പിക്കേണ്ടതാണ്.

(ബി) നിലവിലെ സമ്പ്രദായമനുസരിച്ച് സീനിയോരിറ്റി അടിസ്ഥാനത്തിൽ പരിഗണിക്കാൻ കഴിയില്ല. ഇത്തവണ ലഭിക്കാത്തവരെ വരുംവർഷ തെരഞ്ഞെടുപ്പിൽ പരിഗണിക്കാവുന്നതാണ്.